**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ,<br>ശ്രീ ഒ . ആർ. കേളു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും ടൂറിസം മേഖലയുടെ ഉണർവ്വിനും കരുത്തേകുന്ന തരത്തിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതും ഓണാഘോഷം, വള്ളംകളികൾ, വിവിധ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ചതും വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചതും ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുകയും കോവിഡ് ആഘാതം മറികടന്ന് ടൂറിസം മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളെ പോലെ തന്നെ കേരളത്തിൽ എത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികളും ഗതാഗതം, താമസസൗകര്യം, ഭക്ഷണപാനീയങ്ങൾ, സാധനങ്ങളുടെ വാങ്ങലുകൾ സേവനങ്ങളുടെ ഉപഭോഗം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി പണം ചെലവഴിക്കുന്നുണ്ട്. ടി സാമ്പത്തിക ക്രയവിക്രയങ്ങൾ എല്ലാം തന്നെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം മേഖലയിലെ ഉണർവ്വിനും സഹായകരമായിട്ടുള്ളതാണ്. കോവിഡാനന്തരം വിനോദസഞ്ചാര വകുപ്പ് നടത്തി വരുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഫലമായാണ് ഈ വളർച്ച ഉണ്ടായിട്ടുള്ളത് എന്നത് വ്യക്തമാണ്. കോവിഡ് കാലത്തെ അപേക്ഷിച്ച് കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. 2020 ൽ 11,335.96 കോടി രൂപയും 2021 ൽ 12,285.91 കോടി രൂപയുമാണ് വരുമാനം. 2022 ൽ ഇത് 35,168.42 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിനായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് | (ബി) | കേരള സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതും ഓണാഘോഷം, വള്ളംകളികൾ, വിവിധ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ചതും വലിയ |

| | | | |
|---|---|---|---|
| | നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അംഗീകാരമായി ഈ വളർച്ചയെ കാണാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | | രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചതും ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുകയും കോവിഡ് ആഘാതം മറികടന്ന് ടൂറിസം മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളെ പോലെ തന്നെ കേരളത്തിൽ എത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികളും ഗതാഗതം, താമസസൗകര്യം, ഭക്ഷണപാനീയങ്ങൾ, സാധനങ്ങളുടെ വാങ്ങലുകൾ സേവനങ്ങളുടെ ഉപഭോഗം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി പണം ചെലവഴിക്കുന്നുണ്ട്. ടി സാമ്പത്തിക ക്രയവിക്രയങ്ങൾ എല്ലാം തന്നെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം മേഖലയിലെ ഉണർവ്വിനും സഹായകരമായിട്ടുള്ളതാണ്. കോവിഡാനന്തരം വിനോദസഞ്ചാര വകുപ്പ് നടത്തി വരുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഫലമായാണ് ഈ വളർച്ച ഉണ്ടായിട്ടുള്ളത് എന്നത് വ്യക്തമാണ്. കോവിഡ് കാലത്തെ അപേക്ഷിച്ച് കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. 2020 ൽ 11,335.96 കോടി രൂപയും 2021 ൽ 12,285.91 കോടി രൂപയുമാണ് വരുമാനം. 2022 ൽ ഇത് 35,168.42 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | പരമ്പരാഗത ജീവിതരീതികൾക്കും ഗ്രാമീണ വിനോദസഞ്ചാരത്തിനും പ്രാധാന്യം നൽകുന്ന സ്ട്രീറ്റ് ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായിരുന്നോ; രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **<u>സ്ട്രീറ്റ് പദ്ധതി</u>**<br><br>ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു. എൻ..ഡബ്ല്യൂ.റ്റി.ഒ യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമായ വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതും വ്യക്തമായി കണ്ടറിയാനാവുന്നതും അനുഭവവേദ്യത ഉറപ്പാക്കുന്നതും പരമ്പരാഗത ജീവിത രീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്നതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തിലൂന്നിയാണ് ഈ പദ്ധതി തയ്യാറാക്കിയത്.<br><br>ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർകോട് ജില്ലയിലെ വലിയ പറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി |

എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ടുത്താനുതകുന്ന 1000 തദ്ദേശീയ യൂണിറ്റുകൾ രൂപീകരിക്കാനും ലക്ഷ്യമിടുന്നു. ഇവയിൽ വനിതാ സംരഭങ്ങൾക്കും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ പദ്ധതികൾക്കും കാർഷിക വിനോദ സഞ്ചാര പദ്ധതികൾക്കും പ്രത്യേക സ്കീമുകളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയിൽ വലിയ മാറ്റങ്ങൾക്കും കുതിച്ച് ചാട്ടത്തിനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളുടെ തീമാറ്റിക് സോണിംഗ് മോഡൽ സുസ്ഥിര ഉപജീവനമാർഗ്ഗ ഉത്തരവാദിത്ത ടൂറിസം വില്ലേജുകളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തദ്ദേശവാസികളുടെയും, തദ്ദേശീയമായ സ്വാശ്രയ ഗ്രൂപ്പുകളുടെയും സഹായത്തോടെ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയും, നിലവിലുള്ളവയെ റീബ്രാൻഡ് ചെയ്തുമാണ് , സ്ട്രീറ്റ് ആരംഭിച്ചിരിക്കുന്നത്.

ഓരോ പദ്ധതി പ്രദേശത്തും സാദ്ധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്തിക് ക്യുസീൻ / ഫുഡ് സ്ട്രീറ്റ് , വില്ലേജ് ലൈഫ് എക്സ്പീരിയൻസ് / എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ രൂപീകരിക്കുകയും കുറഞ്ഞത് 3 സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പ്രോജക്ട് ഏരിയയിലും നടപ്പാക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

സ്ട്രീറ്റ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച 10 പ്രദേശങ്ങളിലെ - പ്രവർത്തനങ്ങൾ വിവിധ തലത്തിൽ പുരോഗമിക്കുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സ്ട്രീറ്റ് പദ്ധതിയുടെ പ്രചാരണത്തിനായി ബ്രോഷറുകൾ തയ്യാറാക്കി. സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് ടൂറിസം രംഗത്തെ ഏറ്റവും വലിയ അവാർഡ് ആയ WTM ഗ്ലോബൽ Responsible Tourism Award – 2022 ലഭിക്കുകയുണ്ടായി.

നടപ്പ് സാമ്പത്തിക വർഷം, നിലവിൽ സ്ട്രീറ്റ് പദ്ധതി ആരംഭിച്ച 10 പ്രദേശങ്ങളിലെ തുടർ പ്രവർത്തനങ്ങളും പുതുതായി 6 സ്ഥലങ്ങളിൽ സ്ട്രീറ്റ് പദ്ധതി ആരംഭിക്കുവാനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം പ്രദേശങ്ങളിലെ വിനോദസഞ്ചാര പദ്ധതികളാണ് ആഭ്യന്തര സഞ്ചാരികളെ ആകർഷിച്ചതെന്നും അവർക്ക് ആസ്വാദ്യമായതെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | കേരള സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതും ഓണാഘോഷം, വള്ളംകളികൾ, വിവിധ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ചതും വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചതും ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുകയും കോവിഡ് ആഘാതം മറികടന്ന് ടൂറിസം മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ തനത് പ്രകൃതി സൗന്ദര്യവും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങളും മികച്ച താമസ സൗകര്യങ്ങളും ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നുണ്ട് കൂടാതെ കാരവൻ ടൂറിസം, പിൽഗ്രിം ടൂറിസം, ബാക്ക് വാട്ടർ (പുരവഞ്ചികൾ) ടൂറിസം, ഉത്തരവാദിത്ത ടൂറിസം, സി.ബി.എൽ, അഡ്വഞ്ചർ ടൂറിസം തുടങ്ങിയവയും നല്ല തോതിൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്ട്രീറ്റ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച 10 പ്രദേശങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ

### മറവന്തുരുത്ത്

സ്ട്രീറ്റ് പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കുന്ന മറവന്തുരുത്തിൽ വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ്, ഗ്രീൻ സ്ട്രീറ്റ് എന്നിവ വിജയകരമായി രൂപീകരിച്ചിട്ടുണ്ട്. സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും ആർ.റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ മറവന്തുരുത്തിൽ സസ്റ്റൈനബിലിറ്റി സ്ട്രീറ്റ് മാർക്കറ്റ് വിജയകരമായി നടത്തി വരുന്നു.

### കാന്തല്ലൂർ

സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായ വിവിധ പ്രവർത്തനങ്ങളിലൂടെ ലോക ശ്രദ്ധയിലേക്ക് വന്ന ഒരു റൂറൽ ടൂറിസം കേന്ദ്രമാണ് കാന്തല്ലൂർ. പശ്ചിമഘട്ട മേഖലയിൽ സ്ഥിതി ചെയ്യുന്ന കാന്തല്ലൂർ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് കൂടുതൽ പ്രാധാന്യം നൽകികൊണ്ടുള്ള ഗ്രീൻ സ്ട്രീറ്റ്, ഫ്ലവർ സ്ട്രീറ്റ്, അഗ്രി സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ തയ്യാറാക്കി വരുന്നു. ഗ്രീൻ ചെക്ക് പോസ്റ്റ്, വാട്ടർ എ.ടി.എം. എന്നിവയെല്ലാം പദ്ധതിയുടെ ഭാഗമായി കാന്തല്ലൂരിൽ സ്ഥാപിച്ചിട്ടുണ്ട്.

### പിണറായി

28/01/2023 സ്റ്റേറ്റ് കോർഡിനേറ്ററുടെ സാന്നിധ്യത്തിൽ സ്ട്രീറ്റ് ഏകദിന ശില്പശാല നടത്തി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി പഞ്ചായത്ത് കമ്മിറ്റിയും, പഞ്ചായത്ത് വികസനസമിതിയും രൂപീകരിച്ചു. പ്രാദേശിക സഹകരണത്തോടെ ടൂറിസം റിസോഴ്സ് മാപ്പിംഗ് നടന്നു, തുടർന്നു റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. വിവിധ സ്ട്രീറ്റുകൾ രൂപീകരിക്കുന്നതിനുള്ള പ്രദേശങ്ങൾ തീരുമാനിച്ചു, തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പിണറായി സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി പ്രദേശത്ത് 2 എക്സ്പീരിയൻഷ്യൽ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിനെ സ്ത്രീ സൗഹൃദ പഞ്ചായത്ത് ആക്കി മാറ്റുന്നതിനുള്ള ആദ്യ നടപടിയായി പഞ്ചായത്തിൽ സ്ത്രീ സൗഹാർദ്ദ സർവ്വേകൾ നടത്തി. 27/01/2023 ന് സ്റ്റേറ്റ് കോ ഓർഡിനേറ്ററുടെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം നെറ്റ്‌വർക്ക് അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറി, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, ആർ.റ്റി. കോ ഓർഡിനേറ്റർ എന്നിവർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച പ്രവർത്തനങ്ങൾ വിലയിരുത്തി.

### അഞ്ചരക്കണ്ടി

29/01/2023– ന് പഞ്ചായത്ത് തല ഏകദിന ശില്പശാലയും തുടർന്ന് പ്രാദേശിക സഹകരണത്തോടെ റിസോഴ്സ് മാപ്പിംഗ് പൂർത്തിയാക്കി. റിസോഴ്സ് മാപ്പിംഗ് നടത്തി തയ്യാറാക്കിയ കരട് റിസോഴ്സ് ഡയറക്ടറി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ടൂറിസവുമായി ബന്ധപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ ചെയ്തു വരുന്ന ആളുകളെ / കുടുംബങ്ങളെ / ഗ്രൂപ്പുകളെ കണ്ടെത്തി ഉത്തരവാദിത്ത ടൂറിസം മിഷനു കീഴിൽ യൂണിറ്റായി രജിസ്റ്റർ ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നത്. സ്ട്രീറ്റുകൾ

തീരുമാനിക്കുന്നതിനുള്ള ഫീൽഡ് തല സന്ദർശനം സ്റ്റേറ്റ് ആർ.റ്റി. മിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ 2023 ജനുവരി 29 നു നടന്നിട്ടുണ്ട്. എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആർ.റ്റി. മിഷൻ കോർഡിനേറ്റർ ഉൾപ്പെടുന്ന സംഘം പാക്കേജുകൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക തെയ്യം കലണ്ടർ തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. സ്ട്രീറ്റ് പദ്ധതി നടപ്പിലാക്കുന്ന പ്രദേശമെന്ന നിലയിൽ അഞ്ചരക്കണ്ടിയിൽ സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങളുടെ സർവ്വേ നടന്നു. ഇതിന്റെ തുടർച്ചയിൽ ഏകദിന സ്ത്രീ സൗഹാർദ്ദ പാക്കേജുകൾ/ യാത്രകൾ നടത്തുന്നതിനുള്ള ഒരു പ്രദേശമായി അഞ്ചരക്കണ്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചേകാടി**

പദ്ധതിയുടെ ഭാഗമായി ഏകദിന ശിൽപ്പശാലയും, റിസോഴ്സ് മാപ്പിംഗും നടത്തി. കരട് റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചു. അഗ്രി സ്ട്രീറ്റ്, എത്തിക് ഫുഡ് സ്ട്രീറ്റ്, ഗ്രീൻ സ്ട്രീറ്റ് എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**വലിയപറമ്പ**

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തല മീറ്റിംഗുകൾ നടന്നു, പ്രാദേശിക സഹകരണത്തോടെ റിസോഴ്സ് മാപ്പിംഗ് നടത്തി കരട് റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചു. വിവിധ സ്ട്രീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**കടലുണ്ടി**

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തല മീറ്റിംഗുകൾ നടന്നു. സ്റ്റുഡന്റ്സ് വോളന്റിയർമാരുടെ സഹായത്തോടെ സ്ട്രീറ്റുകൾ എങ്ങിനെ തയ്യാറാക്കാം എന്ന് ഐഡന്റിഫൈ ചെയ്തു. സ്ട്രീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിവിധ എൻ.ജി.ഒ. കളുമായും, CSR ഫണ്ടിംഗ് പ്രയോജനപ്പെടുത്തിയും കടലുണ്ടിയിൽ സ്ട്രീറ്റ് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**തൃത്താല**

പഞ്ചായത്ത് തല മീറ്റിംഗുകളും, ക്ലസ്റ്റർ മീറ്റിംഗുകളും നടക്കുകയും പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തല വികസന സമിതി രൂപീകരിക്കുകയും ചെയ്തു. തൃത്താല റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. സ്ട്രീറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നത് തൃത്താലയിൽ വച്ചാണ്. സ്റ്റേറ്റ് ആർ.റ്റി. മിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ആർ.റ്റി. ടീം ഫീൽഡ്തല സന്ദർശനങ്ങൾ നടത്തി സ്ട്രീറ്റുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തൃത്താല, പട്ടിത്തറ പഞ്ചായത്തിലെ ആളുകൾക്കായി ഹോംസ്റ്റേ സംരംഭകത്വ വികസന പരിശീലനം ഉൾപ്പെടെ വിവിധ പരിശീലനങ്ങൾ നടത്തി.

**പട്ടിത്തറ**

പഞ്ചായത്ത് തല മീറ്റിംഗുകളും, ക്ലസ്റ്റർ മീറ്റിംഗുകളും നടക്കുകയും പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തല വികസന സമിതി രൂപീകരിക്കുകയും ചെയ്തു. പട്ടിത്തറ റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. സ്റ്റേറ്റ് ആർ.റ്റി മിഷൻ കോർഡിനേറ്ററുടെ

നേതൃത്വത്തിൽ ആർ.റ്റി. ടീം ഫീൽഡ്തല സന്ദർശനങ്ങൾ നടത്തി സ്ട്രീറ്റുകൾ ഐഡൻറിഫൈ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ആളുകൾക്കായി ഹോംസ്റ്റേ സംരംഭകത്വ വികസന പരിശീലനം ഉൾപ്പെടെ വിവിധ പരിശീലനങ്ങൾ നടത്തി.

**മാഞ്ചിറ**

സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വി എൽ ഇ സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ ഈ പ്രദേശത്ത് തയ്യാറാക്കിയിട്ടുണ്ട്.

# <u>അനുബന്ധം</u>

## സ്ട്രീറ്റ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച 10 പ്രദേശങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ

**മറവന്തുരുത്ത്**

സ്ട്രീറ്റ് പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കുന്ന മറവന്തുരുത്തിൽ വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ്, ഗ്രീൻ സ്ട്രീറ്റ് എന്നിവ വിജയകരമായി രൂപീകരിച്ചിട്ടുണ്ട്. സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും ആർ.റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ മറവന്തുരുത്തിൽ സസ്റ്റൈനബിലിറ്റി സ്ട്രീറ്റ് മാർക്കറ്റ് വിജയകരമായി നടത്തി വരുന്നു.

**കാന്തല്ലൂർ**

സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായ വിവിധ പ്രവർത്തനങ്ങളിലൂടെ ലോക ശ്രദ്ധയിലേക്ക് വന്ന ഒരു റൂറൽ ടൂറിസം കേന്ദ്രമാണ് കാന്തല്ലൂർ. പശ്ചിമഘട്ട മേഖലയിൽ സ്ഥിതി ചെയ്യുന്ന കാന്തല്ലൂർ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് കൂടുതൽ പ്രാധാന്യം നൽകികൊണ്ടുള്ള ഗ്രീൻ സ്ട്രീറ്റ്, ഫ്ലവർ സ്ട്രീറ്റ്, അഗ്രി സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ തയ്യാറാക്കി വരുന്നു. ഗ്രീൻ ചെക്ക് പോസ്റ്റ്, വാട്ടർ എ.ടി.എം. എന്നിവയെല്ലാം പദ്ധതിയുടെ ഭാഗമായി കാന്തല്ലൂരിൽ സ്ഥാപിച്ചിട്ടുണ്ട്.

**പിണറായി**

28/01/2023 സ്റ്റേറ്റ് കോർഡിനേറ്ററുടെ സാന്നിധ്യത്തിൽ സ്ട്രീറ്റ് ഏകദിന ശില്പശാല നടത്തി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി പഞ്ചായത്ത് കമ്മിറ്റിയും, പഞ്ചായത്ത് വികസനസമിതിയും രൂപീകരിച്ചു. പ്രാദേശിക സഹകരണത്തോടെ ടൂറിസം റിസോഴ്സ് മാപ്പിംഗ് നടന്നു, തുടർന്നു റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. വിവിധ സ്ട്രീറ്റുകൾ രൂപീകരിക്കുന്നതിനുള്ള പ്രദേശങ്ങൾ തീരുമാനിച്ചു, തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പിണറായി സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി പ്രദേശത്ത് 2 എക്സ്പീരിയൻഷ്യൽ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിനെ സ്ത്രീ സൗഹൃദ പഞ്ചായത്ത് ആക്കി മാറ്റുന്നതിനുള്ള ആദ്യ നടപടിയായി പഞ്ചായത്തിൽ സ്ത്രീ സൗഹാർദ്ദ സർവ്വേകൾ നടത്തി. 27/01/2023 നു സ്റ്റേറ്റ് കോ ഓർഡിനേറ്ററുടെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം നെറ്റ്‌വർക്ക് അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറി, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, ആർ.റ്റി. കോ ഓർഡിനേറ്റർ എന്നിവർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.

**അഞ്ചരക്കണ്ടി**

29/01/2023– നു പഞ്ചായത്ത് തല ഏകദിന ശില്പശാലയും തുടർന്ന് പ്രാദേശിക സഹകരണത്തോടെ റിസോഴ്സ് മാപ്പിംഗ് പൂർത്തിയാക്കി. റിസോഴ്സ് മാപ്പിംഗ് നടത്തി തയ്യാറാക്കിയ കരട് റിസോഴ്സ് ഡയറക്ടറി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ടൂറിസവുമായി ബന്ധപ്പെടുത്താവുന്ന പ്രവർത്തനങ്ങൾ ചെയ്തു വരുന്ന ആളുകളെ / കുടുംബങ്ങളെ / ഗ്രൂപ്പുകളെ കണ്ടെത്തി ഉത്തരവാദിത്ത ടൂറിസം മിഷനു കീഴിൽ യൂണിറ്റായി രജിസ്റ്റർ ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നത്. സ്ട്രീറ്റുകൾ

തീരുമാനിക്കുന്നതിനുള്ള ഫീൽഡ് തല സന്ദർശനം സ്റ്റേറ്റ് ആർ.റ്റി. മിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ 2023 ജനുവരി 29 നു നടന്നിട്ടുണ്ട്. എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആർ.റ്റി. മിഷൻ കോർഡിനേറ്റർ ഉൾപ്പെടുന്ന സംഘം പാക്കേജുകൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക തെയ്യം കലണ്ടർ തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. സ്ട്രീറ്റ് പദ്ധതി നടപ്പിലാക്കുന്ന പ്രദേശമെന്ന നിലയിൽ അഞ്ചരക്കണ്ടിയിൽ സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങളുടെ സർവ്വേ നടന്നു. ഇതിന്റെ തുടർച്ചയിൽ ഏകദിന സ്ത്രീ സൗഹാർദ്ദ പാക്കേജുകൾ/ യാത്രകൾ നടത്തുന്നതിനുള്ള ഒരു പ്രദേശമായി അഞ്ചരക്കണ്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചേകാടി**

പദ്ധതിയുടെ ഭാഗമായി ഏകദിന ശില്പശാലയും, റിസോഴ്സ് മാപ്പിംഗും നടത്തി. കരട് റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചു. അഗ്രി സ്ട്രീറ്റ്, എത്തിക് ഫുഡ് സ്ട്രീറ്റ്, ഗ്രീൻ സ്ട്രീറ്റ് എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**വലിയപറമ്പ**

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തല മീറ്റിംഗുകൾ നടന്നു, പ്രാദേശിക സഹകരണത്തോടെ റിസോഴ്സ് മാപ്പിംഗ് നടത്തി കരട് റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചു. വിവിധ സ്ട്രീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**കടലുണ്ടി**

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തല മീറ്റിംഗുകൾ നടന്നു. സ്റ്റുഡന്റ്സ് വോളന്റിയർമാരുടെ സഹായത്തോടെ സ്ട്രീറ്റുകൾ എങ്ങിനെ തയ്യാറാക്കാം എന്ന് ഐഡന്റിഫൈ ചെയ്തു. സ്ട്രീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിവിധ എൻ.ജി.ഒ. കളുമായും, CSR ഫണ്ടിംഗ് പ്രയോജനപ്പെടുത്തിയും കടലുണ്ടിയിൽ സ്ട്രീറ്റ് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**തൃത്താല**

പഞ്ചായത്ത് തല മീറ്റിംഗുകളും, ക്ലസ്റ്റർ മീറ്റിംഗുകളും നടക്കുകയും പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തല വികസന സമിതി രൂപീകരിക്കുകയും ചെയ്തു. തൃത്താല റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. സ്ട്രീറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നത് തൃത്താലയിൽ വച്ചാണ്. സ്റ്റേറ്റ് ആർ.റ്റി. മിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ആർ.റ്റി. ടീം ഫീൽഡ്തല സന്ദർശനങ്ങൾ നടത്തി സ്ട്രീറ്റുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തൃത്താല, പട്ടിത്തറ പഞ്ചായത്തിലെ ആളുകൾക്കായി ഹോംസ്റ്റേ സംരംഭകത്വ വികസന പരിശീലനം ഉൾപ്പെടെ വിവിധ പരിശീലനങ്ങൾ നടത്തി.

**പട്ടിത്തറ**

പഞ്ചായത്ത് തല മീറ്റിംഗുകളും, ക്ലസ്റ്റർ മീറ്റിംഗുകളും നടക്കുകയും പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തല വികസന സമിതി രൂപീകരിക്കുകയും ചെയ്തു. പട്ടിത്തറ റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. സ്റ്റേറ്റ് ആർ.റ്റി മിഷൻ കോർഡിനേറ്ററുടെ

നേതൃത്വത്തിൽ ആർ.റ്റി. ടീം ഫീൽഡ്തല സന്ദർശനങ്ങൾ നടത്തി സ്ട്രീറ്റുകൾ ഐഡൻറിഫൈ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ആളുകൾക്കായി ഹോംസ്റ്റേ സംരംഭകത്വ വികസന പരിശീലനം ഉൾപ്പെടെ വിവിധ പരിശീലനങ്ങൾ നടത്തി.

**മാഞ്ചിറ**

സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വി എൽ ഇ സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ ഈ പ്രദേശത്ത് തയ്യാറാക്കിയിട്ടുണ്ട്.